സാമൂഹ്യക്ഷേമ വകുപ്പിന്റെ വയനാട് ജില്ലയിലെ പദ്ധതി പ്രവർത്തനം

75 (668) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ പദ്ധതി പ്രവർത്തനത്തിന്റെ ഭാഗമായി കഴിഞ്ഞ നാലു വർഷങ്ങളിൽ ഓരോ വർഷവും വയനാട് ജില്ലയിൽ ചെലവഴിച്ച തുകയുടെ താലൂക്കുതല വിശദാംശം വ്യക്തമാക്കുമോ ;

(ബി) വികലാംഗ ക്ഷേമ പരിപാടികളുടെ ഭാഗമായി കഴിഞ്ഞ നാലു വർഷങ്ങളിൽ വയനാട് ജില്ലയിൽ നടപ്പിലാക്കിയ പ്രധാന പരിപാടികൾ വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ നാല് വർഷങ്ങളിൽ വയനാട് ജില്ലയിൽ പുതിയതായി ആരംഭിച്ച അംഗൻവാടികളുടേയും അപ്ഗ്രേഡ് ചെയ്യപ്പെട്ട അംഗൻവാടികളുടെയും താലൂക്കുതല വിശദാംശം വ്യക്തമാക്കുമോ ;

ഉത്തരം

(എ-സി) നാലു വർഷമായി വയനാട് ജില്ലയിൽ സാമൂഹ്യക്ഷേമ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

വാർദ്ധക്യകാല/വിധവാ പെൻഷനുകൾ അനുവദിക്കുന്നത് സംബന്ധിച്ച മാനദണ്ഡം

76 (670) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാർദ്ധക്യകാല/വിധവാ പെൻഷനുകൾ അനുവദിക്കുന്നത് സംബന്ധിച്ച മാനദണ്ഡം വിശദമാക്കുമോ ;

(ബി) ആൺമക്കൾ ഉള്ള വൃദ്ധജനങ്ങൾക്കും വിധവകൾക്കും പെൻഷൻ അനുവദിച്ചുകൂടെന്ന വ്യവസ്ഥ നിലവിലുണ്ടോ ; ഇല്ലെങ്കിൽ പല തദ്ദേശ സ്ഥാപനങ്ങളും ഇത്തരം അപേക്ഷകൾ പരിഗണിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത് സംബന്ധിച്ച ഉത്തരവുകളുടേയും മാർഗ്ഗ നിർദ്ദേശങ്ങളുടേയും കോപ്പി ലഭ്യമാക്കുമോ ;

(ഡി) ഏറ്റവും ഒടുവിൽ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച് സാമൂഹ്യക്ഷേമ പെൻഷൻ അനുവദിക്കണമെന്നുള്ള നിർദ്ദേശം ബന്ധപ്പെട്ട എല്ലാവർക്കും നൽകാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) "വാർദ്ധക്യകാല പെൻഷൻ" : കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാനദണ്ഡമനുസരിച്ച് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിൽപ്പെട്ട 65 വയസു കഴിഞ്ഞവർക്ക് ഈ പെൻഷന് അർഹതയുണ്ട്.

"അഗതി (വിധവ) പെൻഷൻ" : വിവാഹ ബന്ധം വേർപ്പെടുത്തുന്നതിലൂടെയോ മരണം മൂലമോ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെടുകയോ ചെയ്യുന്നതിലൂടെ ഭർത്താവ് നഷ്ടപ്പെടുകയും പുനർവിവാഹം ചെയ്തിട്ടില്ലാത്തവരും ആയിരിക്കണം. ഈ പെൻഷൻ ലഭിക്കുന്നതിനുള്ള ഗുണഭോക്താക്കളുടെ ഉയർന്ന കുടുംബ വാർഷിക വരുമാന പരിധി ഗ്രാമപ്രദേശങ്ങളിലുള്ളവർക്ക് 20,000- രൂപയിലും നഗരപ്രദേശങ്ങളിലുള്ളവർക്ക് 22,375 രൂപയിലും കൂടുതൽ ആയിരിക്കരുത്, എന്ന് നിജപ്പെടുത്തിയിട്ടുണ്ട്.

(ബി) ആൺമക്കൾ ഉള്ള വൃദ്ധജനങ്ങൾക്കും വിധവകൾക്കും പെൻഷൻ അനുവദിച്ചുകൂടെന്ന വ്യവസ്ഥനിലവിലില്ല. ഇത്തരം അപേക്ഷകൾ പരിഗണിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 16-1-2008 -ലെ സ. ഉ (എം. എസ്) നം. 2/2008/സാ.ക്ഷേ.വ. നമ്പർ സർക്കാർ ഉത്തരവിന്റെ പകർപ്പും, കേന്ദ്രഗ്രാമീണ വികസന മന്ത്രാലയത്തിന്റെ 24-9-2007-ലെ J 11013/1-2007/NOAP നമ്പർ ഓഫീസ് മെമ്മോറാണ്ടത്തിന്റെ പകർപ്പും അനുബന്ധമായി ചേർത്തിരിക്കുന്നു. † (അനുബന്ധം I, II)

(ഡി) 16-1-2008-ലെ സ. ഉ. (എം.എസ്) നം. 2/08/സാക്ഷേവ ഉത്തരവ് പ്രകാരം ബന്ധപ്പെട്ട എല്ലാവരെയും അറിയിച്ചിട്ടുണ്ട്.

വിമൺ എംപവേഡ് കമ്മിറ്റികൾ

77 (671) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽസ്ഥലങ്ങളിലെ സ്ത്രീപീഡനം സംബന്ധിച്ച് പരിശോധന നടത്തുന്നതിനുള്ള വിമൺ എംപവേഡ് കമ്മിറ്റികൾ എത്രയെണ്ണമാണ് സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ വിമൺ എംപവേഡ് കമ്മിറ്റികളുടെ ശുപാർശയിൽമേൽ എത്ര കേസ്സുകൾ എടുത്തിട്ടുണ്ട് ; വിശദമാക്കുമോ ;